പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ജനുവരി 27, 2017

## മഹാമേധ അർബൻ സഹകരണ ബാങ്കിനു (ഘാസിയാബാദ്, യു.പി) മേൽ പുറപ്പെടുവിച്ച ഡയറക്ഷൻ ഭാരതീയ റിസർവ്വ് ബാങ്ക് ദീർഘിപ്പിച്ചിരിക്കുന്നു.

മഹാമേധ അർബൻ സഹകരണ ബാങ്കിനു മേൽ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിരുന്ന ഡയറക്ഷന്റെ കാലാവധി 2017 ജനുവരി 30 മുതൽ 2017 ജൂലായ് 29 വരെയുള്ള 6 മാസ കാലാവധിയിലേക്ക് പുനരവലോകത്തിന് വിധേയമായി ദീർഘിപ്പിച്ചിരിക്കുന്നു. 2016 ജൂലായ് 29 മുതൽ ബാങ്കിംഗ് റഗുലേഷൻ നിയമം 1949 ലെ വകുപ്പ് 35 എ പ്രകാരം പുറപ്പെടുവിച്ച ഡയറക്ഷനു കീഴിൽ ആയിരുന്നു ഈ ബാങ്ക് 2017 ജനുവരി 23 ലെ ഡയറക്ടീവ് പ്രകാരം ഇത് 2017 ജൂലെ 29 വരെ ദീർഘിപ്പിച്ചിരിക്കുന്നു. 2017 ജനുവരി 23 ലെ ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്.

ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഡയറക്ഷനിൽ മാറ്റം വരുത്തിയത് ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയുടെ തകർച്ചയോ മെച്ചപ്പെടലോ ആയി വ്യാഖ്യാനിക്കപ്പെടേണ്ടതില്ല. സാഹചര്യങ്ങൾക്കനുസരിച്ച് ഡയറക്ടീവിൽ മാറ്റങ്ങൾ വരുത്തുന്നകാര്യം ഭാരതീയ റിസർവ് ബാങ്ക് പരിഗണിക്കുന്നതായിരിക്കും.

അനിരുദ്ധ ഡി.യാദവ്
അസിസ്റ്റന്റ് മാനേജർ

പത്രപ്രസ്താവന:**2016-2017/2019**